# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378 — 17.12.2014 -ൽ മറുപടിക്ക്

### അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (USHUS)

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>,, റ്റി. എൻ. പ്രതാപൻ :<br>,, ആർ. സെൽവരാജ് :<br>,, പാലോട് രവി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (USHUS) ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) നഗരപ്രദേശങ്ങളിൽ ചേരികളിൽ താമസിക്കുന്നവർക്കായി ആരോഗ്യ ബോധവൽക്കരണം, രോഗ പരിശോധന, ചികിത്സ എന്നിവ ലഭ്യമാക്കുകയാണ് ഉഷസ് എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നഗര ചേരി നിവാസികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി ആരോഗ്യ സേവന സംവിധാനങ്ങളുടെ വ്യാപനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഒരു നഗര ചേരി ആരോഗ്യ വികസന പദ്ധതിയാണ് ഇത്. |
| (ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ ; എങ്കിൽ എന്ന് മുതൽ ; | (ബി) നടപ്പിലാക്കി ; ഒക്ടോബർ മാസം 2-ാം തീയതി മുതൽ ഈ പദ്ധതി നടപ്പിൽ വന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ? | (സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർമാർ, ആരോഗ്യവകുപ്പ് സംസ്ഥാന, ജില്ലാ മേധാവികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസംതോറുമുള്ള ഉഷസ് പദ്ധതിയുടെ അവലോകനം കളക്ടർ ഉൾപ്പെടുന്ന ജില്ലാതല ആരോഗ്യ ഭരണസമിതി നടത്തുവാനായി തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല അവലോകനം മാസംതോറുമുള്ള എസ്.എം.ഒ./ഡി.പി.എം. മീറ്റിംഗിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ